പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3585 08.11.2019-ലെ മറുപടിക്ക്

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. മുകേഷ് | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും അപകടാവസ്ഥയ്ക്കും പരിഹാരമായി നിലവിൽ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും | വാണിജ്യ / വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള കൊല്ലം അടക്കമുള്ള ചില ഡിപ്പോകൾ ഡിപ്പോ പ്രവർത്തനത്തിന് തടസം ഇല്ലാത്ത തരത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി Public-Private Partnership (PPP) മാതൃകയിൽ ദീർഘ കാലത്തേയ്ക്ക് പാട്ടത്തിന് നൽകി ഒറ്റ തവണയായി വൻ തുകകൾ സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം എന്ന ഉപസമിതിയുടെ ശുപാർശ കെ.എസ്.ആർ.ടി.സി ഭരണ സമിതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. കൊല്ലം ഡിപ്പോയുടെ സമഗ്രവികസനത്തിനായി എം എൽ എ യുടെ ആസ്തി വികസനഫണ്ട് ലഭ്യമായാൽ ആയത് ഉപയോഗപ്പെടുത്തുന്നതാണ്. |
| (ബി) | ഡിപ്പോയുടെ സമഗ്രവികസനത്തിനായുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് കാലപ്പഴക്കം ചെന്ന ക്യാന്റീൻ കെട്ടിടം പൊളിച്ച് നീക്കി പ്രസ്തുത സ്ഥലത്ത് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും അനുവദിച്ചാൽ ഇക്കാര്യം പരിഗണിക്കുമോ; | | |
| (സി) | ഡിപ്പോയുടെ സമഗ്രവികസനം നടപ്പിലാക്കുന്ന ഘട്ടത്തിൽ ഒരു പകരം സംവിധാനമെന്ന നിലയിൽ ഉപകാരപ്രദമാകുന്ന പ്രസ്തുത കെട്ടിട നിർമ്മാണത്തിന് അനുകൂലമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ